നബാർഡിന്റെ സഹായത്തോടുകൂടി നടത്തുന്ന പാലങ്ങളുടേയും റോഡുകളുടേയും വിശദവിവരം

84 (519) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ നബാർഡിന്റെ സഹായത്തോടുകൂടി നടത്തുന്ന പാലങ്ങളുടേയും റോഡുകളുടേയും വിശദവിവരം അറിയിക്കുമോ ;

(ബി) ഇതിൽ ഏതൊക്കെ പണികൾ പൂർത്തിയായിട്ടുണ്ട് ; അവ ഓരോന്നിനും എന്തു തുക ചെലവായിട്ടുണ്ട് ;

(സി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പണികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ ;

(ഡി) ഈ പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി&ഡി) പണികൾ പുരോഗതിയിലും ഭൂരിഭാഗം ജോലികൾ അവസാനഘട്ടത്തിലുമാണ്.

ഇടുക്കി ജില്ലാ ആസ്ഥാനത്തിന്റെ പണി

85(520) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലാ ആസ്ഥാന മന്ദിരസമുച്ചയത്തിന്റെ ഏതൊക്കെ പണികളാണ് ഇനിയും ആരംഭിക്കേണ്ടതെന്നും പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലവിളംബം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കട്ടപ്പന ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത മന്ദിരത്തിന്റെ രണ്ടാം ഘട്ടത്തിന്റെ എ,ബി ബ്ലോക്കുകളുടെ പണി ആരംഭിക്കേണ്ടിയിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ പണി താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

(സി) ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ബഡ്ജറ്റിൽ മതിയായ തുക ഉൾക്കൊള്ളിക്കുന്ന മുറക്ക് പണികൾ ആരംഭിക്കുന്നതാണ്.

അങ്ങാടിപ്പുറം-ചെറുകര റോഡിന്റെ പണി

86(521) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ വിരല്പജ് റോഡായിരുന്ന അങ്ങാടിപ്പുറം-ചെറുകര റോഡ് സ്റ്റേറ്റ് ഹൈവേയായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഈ റോഡിന് 2000-2001 വർഷത്തിൽ ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(സി) ഈ റോഡ് പണിക്ക് ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ആർക്കാണ് കരാർ ജോലി ഉറപ്പിച്ച് കൊടുത്തിട്ടുള്ളത് ;

(ഇ) എസ്റ്റിമേറ്റിന്റെ 20% എങ്കിലും ബഡ്ജറ്റ് വകയിരുത്തിയാലേ പണി ടെണ്ടർ ചെയ്യാവൂ എന്ന നിർദ്ദേശം ധനകാര്യ വകുപ്പിൽ നിന്ന് ഉണ്ടായിട്ടുണ്ടോ ;

(എഫ്) എങ്കിൽ ആയത് പാലിച്ചിട്ടുണ്ടോ ;

(ജി) ഈ റോഡ് നിർമ്മിക്കാനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എച്ച്) ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തീകരിച്ച് ജനങ്ങളുടെ പ്രയാസം ദൂരീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15 ലക്ഷം രൂപ.

(സി) ഉണ്ട്.

(ഡി) ശ്രീ. വി. പി. തുമതിക്ക്.

(ഇ) ഉണ്ട്.

(എഫ്) നബാർഡ് അസിസ്റ്റൻസ് ലഭിക്കുമെന്ന ഉറപ്പുള്ളതിനാൽ പ്രസ്തുത നിർദ്ദേശം പാലിക്കേണ്ടതില്ല.

(ജി) പ്രസ്തുത റോഡു പണി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പണി നടത്താമെന്ന് ഉദ്ദേശിച്ചാണ് ടെണ്ടർ ചെയ്തത്. നബാർഡിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly